തിരഞ്ഞെടുപ്പു നടത്തിയെന്നുള്ളതു് ഇന്നത്തെ സാഹചര്യത്തിൽ അത്ഭുതപ്പെടേണ്ടതില്ല. പക്ഷെ അതിനു് എന്താണു് ഒരു പരിഹാരം എന്നുകണ്ടുപിടിച്ചു് ഗവണ്മെൻറു് ലവലിൽ ഒരു നടപടി എടുക്കുക സാദ്ധ്യമല്ല. പൊതുജനങ്ങളും, എല്ലാ രാഷ്ട്രീയകക്ഷികളും ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ സാമുദായികമനോഭാവം വരാതിരിക്കാനുള്ള സാഹചര്യം സൃഷ്ടിക്കേണ്ടതാണു്. ബഹുമാനപ്പെട്ട മെമ്പറും മറ്റു മെമ്പറന്മാരും ആ നിലയിൽ പ്രവർത്തിക്കുമെന്നു് ഞാനാശിക്കുന്നു.

ശ്രീ. ജോസഫ് ചാഴിക്കാട്ടു്: ഈ കഴിഞ്ഞ പഞ്ചായത്തു തിരഞ്ഞെടുപ്പിൽ എതിരില്ലാതെ തിരഞ്ഞെടുപ്പു നടത്തുന്ന വാർഡുകളിൽ പഞ്ചായത്തുകൾക്കു് പതിനായിരം രൂപ ഗവണ്മെൻറിൽനിന്നും പാരിതോഷികമായി കൊടുക്കുന്നതാണെന്ന പത്രത്തിൽ ഒരു വാർത്ത കാണുകയുണ്ടായി. ആ വാർത്തയിൽ പറയുന്ന കാര്യം ശരിയാണോ; അതു് ഗവണ്മെൻറു് അറിഞ്ഞുകൊണ്ടു് പ്രസിദ്ധം ചെയ്തിട്ടുള്ളതാണോ; എങ്കിൽ അതു് നിലവിൽ വരുത്തിയിട്ടുണ്ടോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: കക്ഷിരഹിതമായ അടിസ്ഥാനത്തിൽ മത്സരം ഇല്ലാതെ തിരഞ്ഞെടുപ്പു നടത്തുന്ന വാർഡുകളുള്ള പഞ്ചായത്തുകൾക്കു്, അതിലെ പ്രസിഡണ്ടും വൈസ്പ്രസിഡണ്ടും മറ്റെല്ലാ തിരഞ്ഞെടുപ്പുകളും എതിരില്ലാതെ നടത്തുകയാണെങ്കിൽ ഒരു പാരിതോഷികം നൽകുന്ന കാര്യം ഗവണ്മെൻറിൽനിന്നും പരിഗണിക്കുവരുന്നതാണു്.

ഹരിജനക്ഷേമപ്രവർത്തനങ്ങൾക്കു നീക്കിവച്ച സംഖ്യ.

* 87. [2] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തികവർഷത്തിൽ ഹരിജനക്ഷേമ പ്രവർത്തനങ്ങൾക്കു് വേണ്ടി നീക്കിവെച്ച സംഖ്യ എത്ര;

(ബി) ഇതിൽ ചെലവായതെത്ര;

(സി) ഈ വർഷത്തിൽ നടത്തിയ ഹരിജനക്ഷേമ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നു വിശദമാക്കാമോ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു)

(എ) 151·734 ലക്ഷം രൂപ.

(ബി) 1963 നവംബർ 30-ാം തീയതിവരെ 82·745 ലക്ഷം രൂപ ചെലവായി.

(സി) വിശദവിവരങ്ങളടങ്ങിയ പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ടു്†

ശ്രീ. പി. സി. ബാലകൃഷ്ണൻനമ്പ്യാർ: ഈ സ്റ്റോറിൽ ഷെഡ്യൂൾഡ് കൈബ്സിനു് ഒട്ടാകെ നീക്കിവച്ച സംഖ്യ എത്രയാണെന്നു വകതിരിച്ചു പറയാമോ; ഏറ്റവും കുറഞ്ഞ സംഖ്യ ചെലവഴിച്ചതു് ഏതു ജില്ലയിലാണെന്നു പറയാമോ?

ശ്രീ. കെ. കുഞ്ഞമ്പു: അതിനു പ്രത്യേകം നോട്ടീസായി ചോദിച്ചാലേ പറയുവാൻ നിവൃത്തിയുള്ളൂ.

നാഷണൽ ലോൺ സ്കോളർഷിപ്പു് സ്കീം

* 88. [3] ശ്രീ. ടി. ഒ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) നാഷണൽ ലോൺ സ്കോളർഷിപ്പു് സ്കീം അനുസരിച്ചു സഹായം നൽകുന്നതിനു വിദ്യാർത്ഥികളെ തിരഞ്ഞെടുത്തതു് ഏതു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണു്;

† Appendix I

LIBRARY ARCHIVES Kerala Legislative Assembly

APPENDIX I

[*Please see answer to Starred question* 87 (2)]

ഹരിജനക്ഷേമ പ്രവർത്തനങ്ങൾ.

1. വിദ്യാഭ്യാസാനുകൂല്യങ്ങൾ.

എ. ഗിരിവർഗ്ഗം.

1. സ്കൂൾ വിദ്യാഭ്യാസത്തിനു് ഗിരിവർഗ്ഗ വിദ്യാർത്ഥികൾക്കു് 1,30,000 രൂപ ഇതുവരെ ചെലവഴിച്ചു.
2. കഴിഞ്ഞ രണ്ടു വർഷങ്ങളിൽ ആരംഭിച്ച 10 ആശ്രമ (Boarding School) സ്കൂളുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ ഇക്കൊല്ലം 3 ആശ്രമ സ്കൂളുകൾ ആരംഭിച്ചു.
3. ടൈബൽ സ്കൂളുകളിൽ പഠിക്കുന്നവിദ്യാർത്ഥികൾക്കു് ഉച്ചഭക്ഷണം നൽകിവരുന്നു.
4. സബ്സിഡയിസ്ഡ് (Subsidised) ഹോസ്റ്റലുകളിൽ താമസിച്ചു പഠിക്കുന്ന ഗിരിവർഗ്ഗ വിദ്യാർത്ഥികൾക്കു് ബോർഡിംഗ് ഗ്രാന്റു് നൽകിവരുന്നു.
5. സ്റ്റേറ്റിൽ 93 ടൈബൽ സ്കൂളുകളും മൂന്നാം പദ്ധതിക്കുമുൻപു ആരംഭിച്ച ജി. ആർ. ബി. സ്കൂളുകളും (14), ജി. എൻ. ആർ. ബി സ്കൂളുകളും (5) പ്രവർത്തിച്ചുവരുന്നു.
6. കോളേജ് വിദ്യാഭ്യാസത്തിനു ഗിരിവർഗ്ഗ വിദ്യാർത്ഥികൾക്കും സാമ്പത്തികസഹായം നൽകിവരുന്നു. ഈ സാമ്പത്തികവർഷം നവംബർ 30-ാംതു വരെ ഗിരിവർഗ്ഗക്കാർക്കുവേണ്ടി രൂപ 9.315 ലക്ഷം ചെലവായിക്കഴിഞ്ഞു.

ബി. പട്ടികജാതി.

1. പട്ടികജാതി വിദ്യാർത്ഥികൾക്കു് സ്കൂൾ വിദ്യാഭ്യാസത്തിനും കോളേജ് വിദ്യാഭ്യാസത്തിനും സാമ്പത്തികസഹായം നൽകിവരുന്നു.
2. വെൽഫെയർ സ്കൂളുകളിൽപഠിക്കുന്ന വിദ്യാർത്ഥികൾക്കു് ഉച്ചഭക്ഷണംനൽകിവരുന്നു.
3. സബ്സിഡയിസ്ഡ് (Subsidised) ഹോസ്റ്റലുകളിൽ താമസിച്ചു പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കു് പ്രതിവർഷം രൂപ 220 വച്ചു് ബോർഡിംഗ് ഗ്രാന്റു് നൽകുന്നു.
4. പാലക്കാട്ടു് പെൺകുട്ടികൾക്കായി ഒരു കോസ്മോ പോളിറ്റൻ ഹോസ്റ്റൽ നിർമ്മിച്ചു.
5. സ്റ്റേറ്റിനു 42 വെൽഫെയർ ഹോസ്റ്റലുകളും 184 വെൽഫെയർ സ്കൂളുകളും 87 ലൈബ്രറികളും 44 നിശാപാഠശാലകളും പ്രവർത്തിച്ചുവരുന്നു.
6. സ്റ്റേറ്റിൽ 4 കോസ്മോ പോളിറ്റൻ ഹോസ്റ്റലുകളും പ്രവർത്തിച്ചുവരുന്നു. പട്ടികജാതിക്കാർക്കുവേണ്ടിയുള്ള ഈ പ്രവർത്തനങ്ങൾക്കായി ഈ സാമ്പത്തിക വർഷത്തിൽ നവംബർ 30-ാം തീയതിവരെ രൂപ 68.200 ലക്ഷം ചിലവാക്കിക്കഴിഞ്ഞു.

സി. മറ്റു പിന്നാക്ക സമുദായങ്ങൾ.

1. സ്കൂൾ വിദ്യാഭ്യാസത്തിനും, കോളേജ് വിദ്യാഭ്യാസത്തിനും മറ്റു പിന്നാക്കസമുദായ വിദ്യാർത്ഥികൾക്കു് സാമ്പത്തികാനുകൂല്യങ്ങൾ നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2. സബ്സിഡയിസ്ഡ് ഹോസ്റ്റലുകളിൽ താമസിച്ചു പഠിച്ചു വരുന്ന വിദ്യാർത്ഥികൾക്ക് ബോർഡിംഗ് ഗ്രാന്റ് നൽകി വരുന്നു. ഈ സാമ്പത്തികവർഷം നവംബർ 30-ാം തീയതി വരെ രൂപ 5.23 ലക്ഷം ചെലവാക്കിക്കഴിഞ്ഞു.

2. സാമ്പത്തികോന്നമനം.

രണ്ടാം പഞ്ചവത്സരപദ്ധതിക്കാലത്തു് ഗിരിവർഗ്ഗക്കാർക്കു വേണ്ടി ആരംഭിച്ച 21 ക്രാഫ്റ്റ് സെന്ററുകളും 15 മോഡൽ വെൽഫെയർ സെന്ററുകളും പട്ടികജാതിക്കാർക്കുവേണ്ടി ആരംഭിച്ച 15 ഇൻഡസ്ട്രിയൽ ടെയിനിംഗ് സെന്ററുകളും 40 മോഡൽ വെൽഫെയർ ടെയിനിംഗ് സെന്ററുകളും പദ്ധതിക്കാലത്തിനു മുൻപാരംഭിച്ച 6 വീവിംഗ് ഫാക്ടറികളും ഒരു തയ്യൽ പരിശീലന കേന്ദ്രവും ഈ സാമ്പത്തികവർഷത്തിൽ പ്രവർത്തിച്ചുവരുന്നു.

പട്ടികജാതിക്കാർക്ക് സഹകരണസംഘങ്ങൾ രൂപീകരിക്കുന്നതിനു് ഇക്കൊല്ലം 50,000 രൂപ വകകൊള്ളിച്ചിട്ടുണ്ടു്. അതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

ഗിരിവർഗ്ഗക്കാർക്കു് കൃഷിരോപകരണങ്ങൾ വാങ്ങുവാൻ സാമ്പത്തിക സഹായം നൽകുന്നതിനു 25,000 രൂപ വകകൊള്ളിച്ചിട്ടുണ്ടു്. ഡിസ്ട്രിക്റ്റ് ഉപദേശക സമിതി അപേക്ഷകരിൽനിന്നും ഗ്രാന്റിനർഹരായവരെ തിരഞ്ഞെടുത്തിട്ടുണ്ടു്. ഗ്രാന്റു തുക വിതരണം നടത്തുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു.

പട്ടികജാതി, പട്ടിക വർഗ്ഗക്കാർക്കു് കോളനി സ്ഥാപിക്കുന്നതിനുവേണ്ടി 3,50,000 രൂപ വകകൊള്ളിക്കുകയും സ്ഥലം പൊന്നുംവിലയ്ക്കു് എടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുംവരുന്നു.

ഭവനനിർമ്മാണപദ്ധതി.

ഭവനനിർമ്മാണത്തിനു് ഗിരിവർഗ്ഗക്കാർക്കു് 1,50,000 രൂപയും പട്ടികജാതിക്കാർക്കു് 4,00,000 രൂപയും ഈ സാമ്പത്തികവർഷത്തിൽ വകകൊള്ളിച്ചിട്ടുണ്ടു്. തിരഞ്ഞെടുക്കപ്പെട്ട വ്യക്തികൾക്കു് നിയമാനുസൃതം ഗ്രാന്റു് നൽകിവരുന്നു.

ഗിരിവർഗ്ഗക്കാർക്കുവേണ്ടി ദേവികുളം താലൂക്കിൽ ധനുകൊമ്പു് എന്ന സ്ഥലത്തു് ജലവിതരണപദ്ധതിയുടെ പണി പുരോഗമിച്ചുവരുന്നു.

പൂർത്തിയാകാത്ത കിണറുകൾ പൂർത്തിയാക്കുന്നതിനും 10 പുതിയ കിണറുകൾ കുഴിക്കുന്നതിനും ഇക്കൊല്ലം 50,000 രൂപ വകകൊള്ളിക്കുകയും ഈ തുക പൊതുമരാമത്തുവകുപ്പിനെ ഏല്പിക്കുകയും ചെയ്തു. പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

ഹരിജനങ്ങൾ ഗിരിവർഗ്ഗക്കാരും താമസിച്ചുവരുന്ന കോളനികളിലെ വീടുകൾ പുതുക്കുന്നതിനും കിണറുകളുടെ അറ്റകുറ്റപ്പണികൾ തീർക്കുന്നതിനും മറ്റു പണികൾക്കും 35,000 രൂപ നീക്കിവച്ചിട്ടുണ്ടു്. പണികൾ പുരോഗമിച്ചുവരുന്നു.

മിശ്രവിവാഹത്തിൽ ദാരിദ്ര്യം അനുഭവിക്കുന്ന കുടുംബങ്ങൾക്കു് സാമ്പത്തികസഹായം നൽകുന്നതിനു് 10,000 രൂപ ഈ സാമ്പത്തിക വർഷത്തിൽ നീക്കിവച്ചിട്ടുണ്ടു്. അപേക്ഷകൾ പരിശോധിച്ചുവരുന്നു.

ഗിരിവർഗ്ഗക്കാർക്കുവേണ്ടി ആരംഭിച്ച തിരുവനന്തപുരത്തേതും, മൂവാറ്റുപുഴയിലേതും, മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ മൂന്നാം പഞ്ചവത്സരപദ്ധതിക്കാലത്തു് ഇതുവരെയായി 6 ആയുർവ്വേദാശുപത്രികൾ ആരംഭിച്ചുപ്രവർത്തിച്ചുവരുന്നു.

പത്തു പേരടങ്ങുന്ന ഗിരിവർഗ്ഗ സ്ത്രീകൾക്കു് മിഡ്വൈഫറിയിലും (Midwifery) നേഴ്സിംഗിലും രണ്ടുകൊല്ലത്തെ പരിശീലനം നൽകുന്നതിനു്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഒരു പുതിയ പദ്ധതിക്ക് ഗവണ്മെന്റ് അനുവാദം നൽകിയിട്ടുണ്ട്. അതിന്റെ പ്രവർത്തനത്തിനുവേണ്ട നടപടികളും ദ്രുതഗതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

അട്ടപ്പാടിയിൽ ഗിരിവർഗ്ഗ ഉന്നമനത്തിനുവേണ്ടി ആരംഭിച്ച ട്രൈബൽ ബ്ലോക്കിന്റെ പ്രവർത്തനം ഈ സാമ്പത്തികവർഷത്തിലും തുടർന്നുകൊണ്ടിരിക്കുന്നു.

മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും മലം തലച്ചുമടുകളിലായി കൊണ്ടുപോകുന്നതു് നിരുത്സാഹപ്പെടുത്തുവാൻ വീപ്പയും ഉന്തുവണ്ടിയും നൽകുവാൻ 1,04,000 രൂപയുടെ ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്.

മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും പണിയെടുക്കുന്ന ഹരിജനങ്ങൾക്ക് വീട് വെയ്ക്കുന്നതിനുള്ള ഭൂമി കുപാന്നംവിലയ്ക്ക് എടുക്കുന്നതിനും വീടുകൾ പണിയിച്ചു കൊടുക്കുന്നതിനും, 2,04,000 രൂപ വകകൊള്ളിക്കുകയും പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഈ നടപടികളും ത്വരിതഗതിയിൽ നടന്നുവരികയും ചെയ്യുന്നു.

ഹരിജനങ്ങൾക്ക് വായ്പ ഇനത്തിൽ തയ്യൽ മെഷീൻ നൽകുന്നതിനു 5,000 രൂപയും ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുവാൻ പലിശ ഇല്ലാതെ വായ്പ നൽകുവാൻ 20,000 രൂപയും ഈ വർഷത്തെ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. വായ്പ നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.